# കേരളസർവകലാശാല

നം.പി.ആർ.53(a)/2023

## പത്രക്കുറിപ്പ്

### സാഹിത്യകൃതി അതേപോലെ ചലച്ചിത്രമാക്കിയാൽ അത് മൂന്നാംകിടയാകും എന്ന് അടൂർ ഗോപാലകൃഷ്ണൻ

സാഹിത്യകൃതി അതേപോലെ ചലച്ചിത്രമാക്കിയാൽ ആ ചലച്ചിത്രം മൂന്നാംകിടയാകും എന്ന് അടൂർ ഗോപാലകൃഷ്ണൻ. കേരള സർവകലാശാല മലയാള വിഭാഗം സംഘടിപ്പിച്ച 'മീറ്റ് ദി എമിനെന്റ് സ്കോളർ' പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു. അദ്ദേഹം ബഷീറിന്റെ നോവലൽ ഒരു പ്രചോദനം എന്ന നിലയിലാണ് താൻ സിനിമയ്ക്ക് ഉപയോഗിച്ചത്. ബഷീറിന്റേതല്ലാത്ത കഥാപാത്രങ്ങൾ തന്റെ സിനിമയിലുണ്ട്. ബഷീറിന് അത് ഏറെക്കുറെ ഇഷ്ടപ്പെട്ടു. തന്റെ എല്ലാ നോവലുകളും സിനിമയാക്കാൻ ഫ്രീയായി നൽകാമെന്ന് ബഷീർ പറഞ്ഞിരുന്നു. ' വിധേയൻ' എന്ന ചലച്ചിത്രം സക്കറിയക്ക് ആദ്യം ഇഷ്ടപ്പെട്ടിരുന്നു. പിന്നീടാണ് അദ്ദേഹം വിമർശനം ഉന്നയിച്ചത്. അതിന്റെ പേരിൽ താനും സക്കറിയയും തമ്മിൽ യാതൊരു വിരോധവും നിലനിൽക്കുന്നില്ല എന്നും അടൂർ പറഞ്ഞു

അടൂർ പങ്കെടുക്കുന്ന 'മീറ്റ് ദി എമിനെന്റ് സ്കോളർ'പരിപാടി സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. എസ് നസീബ് ഉദ്ഘാടനം ചെയ്തു. വകുപ്പ് അധ്യക്ഷ പ്രൊഫ.സീമ ജെറോം പ്രോഗ്രാം കൺവീനർ ഡോ. ടി. കെ. സന്തോഷ്കുമാർ, റിസർച്ച് ഫോറം സെക്രട്ടറി എസ്. സഫീന എന്നിവർ സംസാരിച്ചു. പരിപാടിക്ക് മുന്നോടിയായി അടൂരിനെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.

തിരുവനന്തപുരം,
13.03.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**

**website: www.keralauniversity.ac.in**